# സർക്കുലർ

CL.11/2026

# One Million Children Praying the Rosary

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

'ശിശുക്കളെ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്.' (മത്താ. 19, 14)

യുദ്ധവും അക്രമവും പീഡനങ്ങളും ദാരിദ്ര്യവും മൂലം ലോകത്തിന്റെ വിവിധയിടങ്ങളിൽ അനേകം മനുഷ്യർ വേദനിക്കുമ്പോൾ, കുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ ജപമാല അർപ്പണം വഴി ലോകസമാധാനത്തിനായി പ്രാർത്ഥിക്കുക എന്ന ലക്ഷ്യത്തോടെ ACN International സംഘടിപ്പിക്കുന്ന 'One Million Children Praying the Rosary' എന്ന ആഗോള പ്രാർത്ഥനായജ്ഞത്തിലേക്ക് ഇടുക്കി രൂപതയിലെ എല്ലാ കുഞ്ഞുങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഈ പ്രാർത്ഥനായജ്ഞം ഇന്ന് ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള കുട്ടികളെ ഒരുമിപ്പിക്കുന്ന വലിയ വിശ്വാസസാക്ഷ്യമായി മാറിയിരിക്കുന്നു. വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും ജീവിതസാഹചര്യങ്ങളുമുള്ള കുട്ടികൾ ഒരേ നിയോഗത്തിൽ ലോകസമാധാനത്തിനും ഐക്യത്തിനുമായി ജപമാല ചൊല്ലുമ്പോൾ, സഭയുടെ സാർവ്വത്രികതയും പ്രാർത്ഥനയുടെ അതിരുകളില്ലാത്ത ശക്തിയും നമുക്ക് അനുഭവിക്കാനാകുന്നു.

2026 ഒക്ടോബർ 1-ന് വത്തിക്കാൻ ഗാർഡനിലെ ലൂർദ്ദ് ഗ്രോട്ടോയിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ കുട്ടികളോടൊപ്പം ലോകസമാധാനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ലോകമെമ്പാടുമുള്ള ഇടവകകളും വിദ്യാലയങ്ങളും കുടുംബങ്ങളും അതേ

നിയോഗത്തിൽ ആത്മീയമായി പങ്കുചേരുന്നതിന് അവസരമൊരുക്കുക യാണ്. അതോടൊപ്പം, ഈ പ്രാർത്ഥനായജ്ഞം ഒക്ടോബർ 1 മുതൽ 7 വരെ ഒരു പ്രാർത്ഥനാ വാരമായി ആചരിക്കുകയും ഒക്ടോബർ 7-ന് ജപമാല റാണിയുടെ തിരുനാൾ ദിനത്തിൽ സമാപിക്കുകയും ചെയ്യും. ഈ ദിവസ ങ്ങളിൽ നമ്മുടെ എല്ലാ ഇടവകകളിലും വിദ്യാലയങ്ങളിലും വിശ്വാസ പരിശീലന കേന്ദ്രങ്ങളിലും ഭവനങ്ങളിലും കുട്ടികളെ ഒരുമിച്ചുകൂട്ടി ഈ ആഗോള പ്രാർത്ഥനയിൽ സജീവമായി പങ്കുചേർക്കണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു.

2005-ൽ വെനസ്വേലയിലെ ഏതാനും കുഞ്ഞുങ്ങൾ ഒരുമിച്ച് നടത്തിയ പ്രാർത്ഥനാ യജ്ഞത്തിൽ നിന്ന് തുടക്കം കുറിച്ച ഈ സംരംഭം, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് ആഗോളതലത്തിൽ കുട്ടികളെയും കുടുംബങ്ങളെയും ഒന്നിപ്പിക്കുന്ന വലിയൊരു ആത്മീയ മുന്നേറ്റമായി വളർന്നു കഴിഞ്ഞു. ‘പത്തുലക്ഷം കുട്ടികൾ ഒന്നിച്ച് ജപമാല ചൊല്ലുമ്പോൾ ലോകം മാറും’ എന്ന വിശുദ്ധ പാദ്രെ പിയോയുടെ ദർശനമാണ് ഈ പ്രാർത്ഥനായജ്ഞത്തിന് ഊർജ്ജമേകുന്നത്.

‘ഒടുവിൽ എന്റെ വിമലഹൃദയം വിജയം വരിക്കും’ എന്ന ഫാത്തിമാ സന്ദേശത്തിലെ പ്രത്യാശയുടെ സദ്‌വാർത്തയാണ് ഈ വർഷത്തെ പ്രാർ ത്ഥനാ യജ്ഞം ലക്ഷ്യം വയ്ക്കുന്നത്. ഭയവും വിഭജനങ്ങളും അരക്ഷിതാ വസ്ഥയും നിറഞ്ഞ സമകാലിക ലോകത്ത്, കുഞ്ഞുങ്ങളുടെ പ്രാർത്ഥന വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും ഉജ്ജ്വലമായ സാക്ഷ്യമായി മാറട്ടെ.

നമ്മുടെ കുഞ്ഞുങ്ങളുടെ കൈകളിലെ ജപമാല ലോകസമാധാന ത്തിന്റെ ആയുധമായിത്തീരട്ടെ; അവരുടെ നിർമ്മല ഹൃദയങ്ങളിൽ നിന്നു യരുന്ന പ്രാർത്ഥനകൾ വേദനയനുഭവിക്കുന്ന ലോകത്തിന് സാന്ത്വനവും പ്രത്യാശയുമായി മാറട്ടെ.

ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയമേ, ഞങ്ങളുടെ കുഞ്ഞുങ്ങളെയും കുടുംബങ്ങളെയും ലോകം മുഴുവനെയും ലോകസമാ ധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,

✠ **ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ